# വേദനകൾ ഒടുങ്ങാത്ത മണിപ്പൂർ

ജോഷി ജോസഫ് / കേരളീയം

*പ്രശസ്ത ഡോക്യുമെന്ററി സംവിധായകൻ ജോഷി ജോസഫുമായുള്ള സംഭാഷണം തുടരുന്നു... മൂലമ്പിള്ളി മുതൽ നന്ദിഗ്രാംവരെ - വികസനത്തിന് മനുഷ്യരഹിത മുഖം ഉണ്ടാകുന്നതിന്റെ സാമൂഹിക-രാഷ്ട്രീയ പശ്ചാത്തലം വിശദീകരിക്കുന്നു.*

**“സിംഗൂരിലെ സമരക്കാർ ഗുജറാത്തിൽ നിന്നിറങ്ങുന്ന നാനോ കാർ ബുക്ക് ചെയ്തിട്ടുണ്ട്. അത് സിംഗൂർ സമരത്തിനിടയിൽ മരണപ്പെട്ട താപസി മലിക്കിന്റെ ശവകുടീരത്തിൽ കൊണ്ടുപോയി കത്തിച്ച് കളയാനാണ് അവരുടെ പ്ലാൻ. അതാണ് ബംഗാളിയുടെ പോരാട്ടവീര്യം. എന്നാൽ കാലംചെല്ലുന്തോറും എല്ലാ സാമൂഹിക പ്രശ്നങ്ങളോടും കേരള ജനത കൂടുതൽ വേഗത്തിൽ വഴങ്ങുന്നതായാണ് കാണാൻ കഴിയുന്നത് ”**

**മൂലമ്പിള്ളിയിൽ നിന്നും തിരികെ കേരളത്തിലേക്ക് വരാം. കേരള സമൂഹം ഒരു അടഞ്ഞ സമൂഹമാണെന്നുള്ള, പ്രതീക്ഷകൾ നക്ഷട്ടപ്പെട്ട സമൂഹമാണെന്ന, മരിച്ചസമൂഹമാണെന്ന ആശങ്കകൾ കൂടിക്കൂടി വരുകയാണല്ലോ? അതൊരു യാഥാർത്ഥ്യമാണെങ്കിൽക്കൂടി അതിനെങ്ങിനെയാണ് മാറ്റം വരുത്താൻ കഴിയുന്നത്?**

സാഹിത്യത്തിനെ അടിസ്ഥാനപ്പെടുത്തിപറയുകയാണെങ്കിൽ കേരളത്തിൽ ജീവിച്ചിരുന്ന സാഹിത്യകാരൻമാരുടെ ഒരു തലമുറതന്നെ വാളയാർ ചുരം കടന്ന് പുറത്ത് പോയതുകൊണ്ടാണ് നമ്മുടെ സാഹിത്യരംഗത്ത് പ്രകടമായ വ്യത്യസങ്ങളുണ്ടായത്. അല്ലെങ്കിൽ ഇപ്പോഴും നമ്മൾ നാലുകെട്ടുകൾക്കുള്ളിൽ കുടുങ്ങിക്കിടക്കുമായിരുന്നു. ഉത്തരേന്തയൊക്കെ എഴുത്തുകാരുടെ അനുഭവത്തിന്റെ ഭാഗമായതോടെ അവരുടെ എഴുത്തിലും കാര്യമായ മാറ്റങ്ങളുണ്ടായി. അവരാരും തന്നെ അത്തരം അനുഭവങ്ങൾക്കുവേണ്ടി പുറമെപോയതല്ല, തൊഴിൽ തേടിപ്പോയവരാണ്. പക്ഷെ കേരളത്തിൽ നിന്നും പുറത്തുപോയതാണ് ഇവരുടെ ജീവിതങ്ങൾക്കെല്ലാം മാറ്റമുണ്ടാക്കിയത്. ഫിസിക്കലായി പോകണമെന്നില്ല പക്ഷെ മാനസികമായിപ്പോലും പുറത്തുപോകാത്തതിന്റെ പ്രശ്നങ്ങൾ മലയാളി ജീവിതത്തിൽ ധാരാളമുണ്ട്. മനസ്സിന്റെ ഈ പ്രദേശം നമുക്ക് വിപുലമാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഇപ്പോൾ നടത്തുന്ന ചർച്ചകളെല്ലാം നമ്മുടെ ഇത്തരം ചെറിയ വൃത്തങ്ങൾക്കുള്ളിൽ ഒതുങ്ങമെന്നല്ലാതെ പൊതുസമൂഹത്തിന്റെ ഭാഗമായി ഒരിക്കലും വരുകയില്ല. അതിനെന്താണ് പരിഹാരമെന്നറിയല്ല, കുറെ നാളുകൾക്ക് ശേഷം ഇലക്ഷൻ സമയത്താണ് ഞാൻ കേരളത്തിലേക്കെത്തുന്നത്. ചാനലുകളിൽ ഇലക്ഷൻ ചർച്ചകൾ ചൂടുപിടിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ കേട്ട ഒരു ചർച്ചയിൽ മണ്ഡലങ്ങളിലെ വിജയസാധ്യത വിലയിരുത്തിക്കൊണ്ട് ഈ മണ്ഡലത്തിൽ ഇത്ര നായർ വോട്ടുകളുള്ളതുകൊണ്ട് ഇന്ന സ്ഥാനാ ർത്ഥക്കാണ് സാധ്യത, വേറൊരു മണ്ഡലത്തിൽ ഇത്ര ലത്തീൻ കത്തോലിക്ക വോട്ടുകളുള്ളതിനാൽ ഇന്ന സാഥാനാർത്ഥിക്കാണ് സാധ്യത എന്ന രീതിലാണ് ചാനലിൽ ചർച്ച നടക്കുന്നത്. സംഭവം വാസ്തവമാണ്, പണ്ട് നമ്മൾ ഇത് തുറന്നുപറയില്ലായിരുന്നു ഇപ്പോൾ പറയുന്നു എന്നു മാത്രമേയുള്ളു വ്യത്യാസം. പണ്ട് ദൂരദർശൻ മാത്രമുണ്ടായിരുന്ന കാലത്ത് ഇത്തരം ജാതിപ്പേരുകളൊന്നും പറയാൻ പോലുമുള്ള സാഹചര്യമുണ്ടായിരുന്നില്ല. എന്നാൽ ഇന്ന് ഒരു പാട് ചാനലുകൾ വന്നതോടെ സാഹചര്യം ആകെ മാറി. അപ്പോൾ ശരിക്കും നമ്മുടെ വോട്ടുകൾ നായർ വോട്ടും ലത്തീൻ വോട്ടുമൊക്കെയാണ്. പിന്നെയെന്താണ് സി പി എമ്മും ബി ജെ പിയും തമ്മിൽ വ്യത്യാസം? എന്തിന്റെ പേരിലാണ് കണ്ണൂരിൽ അവർ തമ്മിൽ സംഘർഷം നടക്കുന്നത്. എന്താണ് ഇടതുപക്ഷചേരിയും വലതുപക്ഷചേരിയും തമ്മിലുള്ള വ്യത്യാസം? എന്നാലും നമ്മുടെ നവോത്ഥാന മൂല്യങ്ങളുടെ സ്വാധീനം ഇപ്പോഴും ശക്തമായതിൽ നമുക്ക് ആശ്വസിക്കാം. അത് പെട്ടെന്ന് നഷ്ട്ടപ്പെടുന്നതല്ല, കാരണം നമ്മൾ അത് എവിടെ നിന്നും വാങ്ങിയതല്ല. അതുകൊണ്ട് കേരള സമൂഹം മരിച്ചുകൊണ്ടിരിക്കുകയാണെന്നും പ്രതീക്ഷകളില്ലെന്നും ഞാൻ വിശ്വസിക്കുന്നില്ല. നമ്മുടെ അനുഭവമണ്ഡലങ്ങളെ ഒന്ന് പുതുക്കാൻ ശ്രമിച്ചാൽ മതി. അതിന് ഏറ്റവും നല്ല മാർഗ്ഗമാണ് വാളയാർ ചുരം കടന്ന് പുറത്തുപോവുകയെന്നത്. അവിടെയൊന്നും കേരളത്തിൽ ഉള്ളത്രയും സ്വർണ്ണക്കടകൾ കാണാൻ കഴിയില്ല. ചായക്കടകളായിരിക്കും അവിടെ കൂടുതലുമുണ്ടായിരിക്കുക. കേരളത്തിൽ ആദ്യമായി വരുന്ന അന്യനാട്ടുകാരന് സ്വർണ്ണം തിന്നാണ്



**മണിപ്പൂരിലെ പട്ടാള കരിനിയമങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ട് നടക്കുന്ന ജനകീയ പ്രക്ഷോഭത്തിന്റെ ഭാഗമായി ഇറോം ഷർമ്മിള നടത്തുന്ന നിരാഹാര സമരം പത്താം വർഷം പൂർത്തിയാക്കുന്നു.**

നമ്മൾ ജീവിക്കുന്നതെന്ന് കരുതിയാൽ അതിൽ അത്ഭുതപ്പെടാനില്ല. വർഷങ്ങൾക്ക് മുമ്പ് ഞാൻ ബംഗാളിൽ ആദ്യം ചെന്നപ്പോൾ കണ്ട പ്രധാനകാര്യം അവിടുത്തെ സ്ത്രീകളുടെ കഴുത്തിലൊന്നും മാലയുണ്ടായിരുന്നില്ല എന്നതാണ്. ഞാൻ അത്ഭുതത്തോടെ അക്കാര്യം ഒരു ബംഗാളി സുഹൃത്തിനോട് തിരക്കിയപ്പോഴാണ് അയാളും അക്കാര്യം ശ്രദ്ധിക്കുന്നത്. ഒരുപാട് കാലം ബംഗാളിലുണ്ടായിരുന്നിട്ടും അയാൾ അത് ശ്രദ്ധിച്ചിരുന്നില്ല. അവിടെ ആ കാഴ്ച അത്രയ് ക്ക് സാധാരണമാണ്. ഇത്തരം അനുഭങ്ങളിൽ നിന്നാണ് ശരിക്കും കേരള സമൂഹത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ കഴിയുന്നത്. ബംഗാളിനേക്കാൾ നമ്മൾ എത്ര പിന്നിലാണെന്ന് അറിയാൻ കഴിയുന്നത്. സിംഗൂരിലെ സമരക്കാർ ഗുജറാത്തിൽ നിന്നിറങ്ങുന്ന നാനോ കാർ ബുക്ക് ചെയ്തിട്ടുണ്ട്. അത് സിംഗൂർ സമരത്തിനിടയിൽ മരണപ്പെട്ട താപസി മലിക്കിന്റെ ശവകുടീരത്തിൽ കൊണ്ടുപോയി കത്തിച്ച് കളയാനാണ് അവരുടെ പ്ലാൻ. അതാണ് ബംഗാളിയുടെ പോരാട്ട വീര്യം. എന്നാൽ കാലംചെല്ലുന്തോറും എല്ലാ സാമൂഹിക പ്രശ്നങ്ങളോടും കേരള ജനത കൂടുതൽ വേഗത്തിൽ വഴങ്ങുന്നതായാണ് കാണാൻ കഴിയുന്നത്.

**മണിപ്പൂരിലെ പ്രശ്നങ്ങൾക്ക് അവസാനമുണ്ടാകാത്തത് എന്തുകൊണ്ടാണ്? നോർത്ത് - ഈസ്റ്റിലെ പുകയുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ പരിഗണനയിലേക്ക് ഒരിക്കലുമെത്താത്തതെന്തുകൊണ്ടാണ് ?**

ഇറോം ഷർമ്മിളയുടെ നിരാഹാരം ഈ നവംബറിൽ 10 വർഷമാകും. എന്നിട്ടും മണിപ്പൂരിൽ നടക്കുന്ന കാര്യങ്ങൾക്ക് വ്യത്യാസമൊന്നും സംഭവിച്ചിട്ടില്ല. ഒരു പട്ടാളക്കാരൻ മണിപ്പൂരി സ്ത്രീയെ ബലാത്സംഗം ചെയ്യുകയാണെങ്കിൽ ഒരു കോടതിയിലും നമുക്കത് ചോദ്യംചെയ്യാൻ കഴിയില്ല. കാരണം ആംമ്ഡ് ഫോഴ്സ് സ്പെഷ്യൽ പവേഴ്സ് ആക്റ്റ് അയാളെ ചോദ്യം ചെയ്യുന്നതിൽ നിന്നും മോചിപ്പിക്കുന്നു. ബലാത്സംഗത്തിന് അനുവാദം കൊടുക്കുകയല്ല. പക്ഷെ അയാൾ സിവിൽ കോടതിയുടെ നിയമപരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. അയാളെ ചോദ്യംചെയ്യാൻ പട്ടാള കോടതിയിൽ മാത്രമെ സാധിക്കുകയുള്ളു. പിന്നെ നിയമത്തിന്റെ പ്രധാന പ്രശ്നം പ്രോബബിൾ മിലിറ്റന്റ് എന്ന പേരിൽ മംഗ്ലോയിഡ് മുഖഛായയുള്ള ആരെയും നിങ്ങൾക്ക് വെടിവച്ചിടാം. ഇത് എല്ലാ ദിവസവും സംഭവിക്കുന്നതുകൊണ്ട് നിങ്ങൾക്ക് ഒരിക്കലും അവിടെ നിക്ഷ പക്ഷരായിരിക്കാൻ കഴിയില്ല. അതുകൊണ്ട് ഒരു കലാകാരനെന്ന നിലയിൽ എനിക്കും മിണ്ടാതിരിക്കാൻ കഴിയുന്നില്ല. ഒരോ തവണ മണിപ്പൂരിൽ പോകുമ്പോഴും എന്റെ മൗനം എന്നെതന്നെ വേദനിപ്പിച്ചിരുന്നു. അതുകൊണ്ടാണ് മണിപ്പൂർ പ്രശ്നങ്ങൾ വിഷയമാക്കി ഒരു ഫീച്ചർ ഫിലിം തന്നെ ചെയ്യാൻ ഞാൻ തീരുമാനിച്ചത്. ഉടൻ തന്നെ അതിന്റെ വർക്കുകൾ ആരംഭിക്കും. ഡോക്യുമെന്ററിയുടെ റീച്ച് വളരെ കുറവായതിനാലാണ് സിനിമ തന്നെ ചെയ്യാൻ തീരുമാനിച്ചത്. ഓരോ തവണയും ഇന്ത്യൻ ബജറ്റിൽ നോർത്ത് ഈസ്റ്റിലെ പട്ടാളക്കാർക്ക് വേണ്ടി ചിലവാക്കുന്ന തുക കൂടിക്കൂടി വരുന്നതായാണ് കാണാൻ കഴിയുന്നത്. സർക്കാർ പ്രശ്നങ്ങൾ അവസാനിപ്പിക്കാൻ സന്നദ്ധമല്ലെന്നാണ് ഓരോ വർഷവും തെളിഞ്ഞുകൊണ്ടിരിക്കുന്നത്.

*(തയ്യാറാക്കിയത് : എസ്. ശരത്)*
*ഡയറക്ടർ ഫിലിം ഡിവിഷൻ*
*ദൂരദർശൻ ഭവൻ, കൽക്കട്ട-700 095*
*jjoshy@gmail.com*